"ഭരണഭാഷ-മാതൃഭാഷ "

**എക്സൈസ് കമ്മീഷണറുടെ നടപടിക്രമം തിരുവനന്തപുരം.**
**( സാന്നിദ്ധ്യം: എസ്. ആനന്ദകൃഷ്ണൻ. ഐപിഎസ് )**

വിഷയം: എക്സൈസ് ഭരണപരം – പത്തനംതിട്ട ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. 08/10/2015-ലെ 7180/എഫ് 1/13/റ്റി.ഡി നമ്പർ സർക്കാർ കത്ത്.
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒഎ(ഇ.കെ.എം) നം. 2020/2017 അന്യായത്തിലെ 19/09/2017-ലെ ഇടക്കാല ഉത്തരവ്.
3. ഈ ഓഫീസിലെ 27/02/2019-ലെ EXC/1074/2016/XD3-PTA-ാം നമ്പർ നടപടി ക്രമം.
4. പത്തനംതിട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 16/01/2019, 25/03/2019, തീയ്യതികളിലെ DP2-2352/2016 നമ്പർ കത്തുകൾ.

**ഉത്തരവ് നമ്പർ ഇ.എക്സ്.സി/1074/2016/ എക്സ്.ഡി3- PTA തീയതി:19/10/2019**

പത്തനംതിട്ട ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ. എം.കെ.രേണുനാഥൻ, എം.എസ്.ബാബു, എൽ.എ.അജീബ് ലബ്ബ, ഇർഷാദ്.എസ്, സിജോ.സി.കെ, റ്റി.എസ്. പ്രമോദ്, ആർ.എസ്.രാജീഷ് എന്നിവർ പരാതി സമർപ്പിക്കുകയുണ്ടായി. പരാതിക്കാരുടെ ആവശ്യം പരിഗണിച്ച് നിവേദകരെ 21/05/19-ൽ നേരിൽ കേൾക്കുകയുണ്ടായി.

2. സ/ശ്രീ. ഇർഷാദ്, സി.കെ.സിജോ എന്നിവർ സമർപ്പിച്ച പരാതിയിൽ 03/06/2008 തീയതി പ്രകാരം പത്തനംതിട്ട ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർ മാരുടെ കേഡർ സ്ട്രെങ്ത് 58 ആയിരുന്നെന്നും, 44 പ്രൊമോട്ടീ വിഭാഗത്തിലു ള്ളവരും 14 നേരിട്ടുള്ള നിയമനം ലഭിച്ച പ്രിവന്റീവ് ഓഫീസർമാരും വേണ്ടിടത്ത്, പ്രൊമോട്ടീ വിഭാഗത്തിലുള്ള 46 പ്രിവന്റീവ് ഓഫീസർമാരും നേരിട്ട് നിയമനം ലഭിച്ച 2 പേരും ഉണ്ടായിരുന്നുവെന്നും, 10 ഒഴിവുകൾ പി.എസ്.സി-ക്ക് നേരിട്ടുള്ള നിയമനത്തിനായി നീക്കി വച്ചിരുന്നുവെന്നും, നേരിട്ടുള്ള നിയമനത്തിനായി നീക്കി

വയ്ക്കേണ്ടിയിരുന്ന രണ്ട് ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകിയതായും അതിനാൽ പുതിയ ലിസ്റ്റിന്റെ ആദ്യ ഭാഗത്ത് രണ്ട് ഒക്കറൻസുകൾ ഒഴിച്ചിടണമെന്നും, താത്കാലിക സ്ഥാനക്കയറ്റം ലഭിച്ചവർക്ക് ക്രമ പ്രകാരമുള്ള ഒഴിവ് വരുന്ന മുറയ്ക്ക് മാത്രമേ റെഗുലറൈസ് ചെയ്യാവൂ എന്നും താത്കാലിക പ്രൊമോഷൻ നേടിയവർക്ക് KS & SSR, Part II ചട്ടം 27 ( a) പ്രകാരമുള്ള സീനിയോരിറ്റി നൽകാനാകില്ലെന്നും പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. 12,13, 14–ന് വേക്കൻസി ഒക്കറൻസ് വ്യക്തമായി സൂചിപ്പിക്കേണ്ടതുണ്ടെന്നും ശ്രീ.എസ്. ഇർഷാദ്, ആവശ്യപ്പെട്ടു. പ്രിവന്റീവ് ഓഫീസർമാരുടെ മുൻ സീനിയോറിറ്റി ലിസ്റ്റുകൾ പരിശോധിച്ചതിൽ സീനിയോറിറ്റി കാലയളവിൽ 10 ഡയറക്ട് പ്രിവന്റീവ് ഓഫീസർ മാർ, 1 RFDR, 2 പ്രൊമോഷൻ ഒഴിവ്, 9 റിട്ടയർമെന്റ് ഒഴിവ് പ്രൊവിഷണൽ ലിസ്റ്റിലെ 2 പേരുടെ റിട്ടയർമെന്റ് എന്നിവ ഉൾപ്പെടെ 24 വേക്കൻസി ഒക്കറൻസ് ആണുള്ളത്. ആകയാൽ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിലെ ക്രമനം.12, 13, 14 എന്നിവയ്ക്ക് നേരെ കോളം 10–ൽ സൂചിപ്പിച്ചിട്ടുള്ള വേക്കൻസി ഒക്കറൻസ് സീനിയോറിറ്റി ലിസ്റ്റിന്റെ കാലയളവിലുള്ളതല്ല. ക്രമ നം. 28–ന് നേരെയുള്ള വേക്കൻസി ഒക്കറൻസ് തെറ്റായി രേഖപ്പെടുത്തിയതായി കാണുന്നു. (ശ്രീ.ആർ.പ്രഭാകരൻപിള്ളയുടെ വിരമിക്കൽ തീയതി 31/03/2011)

3. സ/ശ്രീ.എൽ.എ. അജീബ് ലബ്ബ, എം.കെ.രേണുനാഥൻ, എം.എസ്.ബാബു, എന്നിവർ പറഞ്ഞത് പത്തനംതിട്ട ഡിവിഷനിൽ ടി കാലയളവിൽ നേരിട്ട് നിയമനം ലഭിച്ച പ്രിവന്റീവ് ഓഫീസർമാർ, രഘുനാഥൻ ആചാരി, പി.കെ.സതീഷ്, വർമ്മദേവൻ, ഭാസ്കരൻ എന്നീ 4 പേർ ഉണ്ടായിരുന്നുവെന്നും, ഡയറക്ട് പ്രിവന്റീവ് ഓഫീസർമാരുടെ 10 ഒഴിവുകൾ പി.എസ്.സി–യ്ക്ക് റിപ്പോർട്ട് ചെയ്തുവെന്നും അതിന് ശേഷം ഒരു കോളം ഒഴിച്ചിടേണ്ടതില്ല എന്നുമായിരുന്നു. പ്രൊമോട്ടീ വിഭാഗത്തിന് അവരുടെ പ്രൊമോഷൻ തീയതിയുടെ പ്രാബല്യത്തിലും, നേരിട്ട് നിയമനം ലഭിച്ചവർക്ക് അഡ്വൈസ് തീയതിയുടെ പ്രാബല്യത്തിലും സീനിയോരിറ്റി

നിർണ്ണയിക്കണമെന്നും അവർ ആവശ്യപ്പെട്ടു. പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം നിർത്തലാക്കിയ 04/06/2008-ന് ശേഷമാണ് ടിയാന്മാർ പ്രിവന്റീവ് ഓഫീസർമാരായി പ്രൊമോഷൻ ആകുന്നതും 2009-ൽ തന്നെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും, ഒരു ഘട്ടത്തിലും റിവർഷൻ നേരിട്ടിട്ടില്ലാത്തതിനാലും പ്രൊമോഷൻ തീയതിയുടെ പ്രാബല്യത്തിൽ സീനിയോരിറ്റി നിർണ്ണയിക്കണമെന്നും ആവശ്യപ്പെട്ടു. 2009-ൽ പെൻഷൻപ്രായം ഏകീകരിച്ചതിനാൽ തങ്ങൾക്ക് പ്രൊമോഷനാവശ്യമായ ഒഴിവുകൾ ലഭിച്ചില്ലെന്നും, 31/03/2010-ന് ശേഷമാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തതെന്നും, 29/03/2010-ന് ഡയറക്ട് പ്രിവന്റീവ് ഓഫീസർമാരെ അഡ്വൈസ് ചെയ്തതോടെ തങ്ങൾക്കുള്ള അവസരം നഷ്ടമായെന്നും ഇവർ ആവലാതിപ്പെട്ടു.

4. സീനിയോരിറ്റി ലിസ്റ്റിന്റെ കാലയളവിൽ രഘുനാഥൻ ആചാരി, പി.കെ.സതീഷ് എന്നീ നേരിട്ട് നിയമനം ലഭിച്ച പ്രിവന്റീവ് ഓഫീസർമാർ ഉണ്ടായിരുന്നുവെങ്കിലും യഥാക്രമം 06/12/2006, 01/03/2007 തീയതികളിൽ ടിയാന്മാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലും, പ്രസ്തുത ഒഴിവുകളിൽ മറ്റ് പ്രിവന്റീവ് ഓഫീസർമാർക്ക് മുൻ സീനിയോരിറ്റി ലിസ്റ്റിലും അസൈൻമെന്റ് നൽകി കഴിഞ്ഞതിനാൽ ടിയാന്മാരുടെ ഒഴിവുകൾ ഈ സീനിയോരിറ്റി ലിസ്റ്റിൽ പരിഗണിക്കാനാവില്ലാത്തതിനാൽ ടിയാന്മാരുടെ ആവശ്യം നിരസിച്ചു ഉത്തരവാകുന്നു.

5. ശ്രീ.എം.കെ.രേണുനാഥൻ, ടിയാന് പ്രൊവിഷണൽ പ്രമോഷൻ ലഭിച്ച 31/08/2009 മുതൽ പരിഗണിച്ച് തന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ളതായി അവകാശപ്പെടുന്നു. പ്രൊമോട്ടീ പ്രിവന്റീവ് ഓഫീസർമാർക്ക് ലഭിച്ചത് കേഡർ സ്ട്രെങ്ത് മറികടന്നുള്ള താത്കാലിക സ്ഥാനക്കയറ്റമായിരുന്നുവെന്നും, സൂപ്പർ ന്യൂമററി തസ്തികകൾ താത്കാലികമായി സൃഷ്ടിച്ച് ഡയറക്ട് പ്രിവന്റീവ് ഓഫീസർമാരുടെ ട്രെയിനിങ്ങ് നടത്തിയതിനാൽ ഈ കാലയളവിലുണ്ടായ ഒഴിവുകളിൽ പ്രൊവിഷണൽ പ്രൊമോഷൻ നേടിയവരെ ഉൾക്കൊള്ളാ

നായതിനാലാണ് പ്രൊമോട്ടീ പ്രിവന്റീവ് ഓഫീസർമാരുടെ റിവേർഷൻ ഒഴിവായ തെന്നും കാണുന്നു. ആകയാൽ ടിയാന്മാരുടെ പ്രൊവിഷണൽ പ്രൊമോഷൻ തീയതിയിൽ അസൈൻമെന്റ് നൽകാൻ നിർവ്വാഹമില്ലാത്തതിനാൽ ടി ആവശ്യം നിരസിച്ചു ഉത്തരവാകുന്നു.

6. മേൽ പറഞ്ഞ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തിയും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) മാരായ ശ്രീ.എസ്.രാധാകൃഷ്ണൻ, ശ്രീ.പ്രസാദ് മാത്യൂ എന്നിവർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം.) 2020/2017 നമ്പർ അന്യായം ഉൾപ്പടെ എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ/ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളുടെ അന്തിമ വിധിക്ക് വിധേയമായും പത്തനംതിട്ട ഡിവിഷനിലെ 01/01/2009 മുതൽ 19/08/2011 വരെയുള്ള പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കും പ്രകാരം അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

*ഒപ്പ്/-*
***എക്സൈസ് കമ്മീഷണർ***

ഗ്രാഹകൻ
വ്യക്തികൾക്ക്

പകർപ്പ്
1. അഡീ.എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ **(എക്സൈസ്)**
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. Website
6. ഉത്തരവ് ഫയൽ /കരുതൽ ഫയൽ.

*അംഗീകാരത്തോടെ,*

***സൂപ്രണ്ട്***

*ജെ.എം*

Appended to Order No. EXC/1074/2016-XD3-PTA dated : 19/10/2019

# FINAL SENIORITY LIST OF PREVENTIVE OFFICERS FOR THE PERIOD FROM 01/01/2009 to 19/08/2011

## PATHANAMTHITTA DIVISION

**Cadre Strength as on 01/01/2009 : 58** **Cadre Strength as on 19/08/2011 : 58**

| Sl. No. | Name | Academic Qualification (SSLC/Not) | Date of Birth | Date of Commencement of Service | Test Qualifications | Date on which fully qualified for the post of Preventive Officer | Date of assignment in the post of Preventive Officer | Date of Advice/ Occurence of Vacancy in the cadre of Preventive Officer | Nature of Occurrence *(Retirement/ Promotion/ Death/ Creation)* | Date on which Promoted/ Appointed to the cadre of Preventive Officers |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | Assignment not given for maintaining cadre strength | | | | | | | 01-01-2009 | Retirement of G. Vijayakumaran Pillai | |
| 2 | Assignment not given for maintaining cadre strength | | | | | | | 01-10-2009 | Promotion of K.S. Somarajan | |
| 3 | A. Shameer | BSc | 14-03-1985 | 22-09-2010 | Ex.Test, MOP A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 4 | R.S. Rajeesh | THSLC | 25-05-1984 | 22-09-2010 | Ex.Test, MOP A/c Test | 29/03/2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 5 | V. Sajeev | SSLC | 07-05-1981 | 22-09-2010 | Ex.Test, MOP A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 6 | Muhammed Musthafa E. | BSc | 21-04-1984 | 22-09-2010 | Ex.Test, MOP A/c Test | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 7 | R. Renjith | SSLC | 27-05-1981 | 22-09-2010 | | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 8 | Doniraj P.S. | BA | 24-05-1983 | 22-09-2010 | | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 9 | T.S. Pramod | MSc | 24-05-1978 | 22-09-2010 | Ex.Test, MOP A/c Test | 29/03/2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 10 | S. Siyad | BCom | 25-05-1984 | 22-09-2010 | Ex.Test, MOP A/c Test | 29/03/2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 11 | G. Ajikumar | BCom | 09-04-1979 | 22-09-2010 | Ex.Test, MOP | 29/03/2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |

Appended to Order No. EXC/1074/2016-XD3-PTA dated : 19/10/2019

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 12 | S. Dipu | BCom | 26-05-1984 | 22-09-2010 | Ex.Test, MOP | 29/03/2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 13 | M.S. Babu | SSLC | 30-05-1966 | 24-11-1992 | PO Test | Dec 2002 | 01-04-2010 | 01-04-2010 | Retirement of M.S. Suresh | 21-08-2009 |
| 14 | C.R. Ashokan | MA | 02-03-1957 | 14-12-1992 | PO Test | Nov 1988 | 01-04-2010 | 01-04-2010 | Retirement of A.P. Sundaram | 31-12-2008 |
| 15 | Y. Rajan | SSLC (Failed) | 08-10-1955 | 04-02-1993 | PO Test | Nov 1988 | 01-04-2010 | 01-04-2010 | Retirement of K. Vijayan | 31-12-2008 |
| 16 | M. Thomas | SSLC | 21-11-1957 | 05-04-1993 | Ex.Test, MOP A/c Test | Sep 1987 | 01-04-2010 | 01-04-2010 | Retirement of Justin Jayaraj D. | 01-01-2009 |
| 17 | T. Somarajan | SSLC | 13-05-1963 | 10-06-1993 | PO Test | Dec 2012 | 09-07-2010 | 09-07-2010 | Promotion of K. Bhaskaran | 21-08-2009 |
| ~~18~~ | ~~Ajeeb Lebba~~ | ~~SSLC~~ | ~~03-05-1973~~ | ~~16-08-1993~~ | Ex.Test, MOP A/c Test | ~~Jul 2009~~ | ~~01-10-2010~~ | ~~01-10-2010~~ | Voluntary Retirement of Y. Rajan | ~~21-08-2009~~ |
| 19 | M.K. Renunathan | SSLC | 13-04-1968 | 29-08-1996 | PO Test | Jan 2008 | 01-04-2011 | 01-04-2011 | Retirement of Sasidharan Pillai K. | 21-08-2009 |
| 20 | S. Sailajkumar | BA | 01-06-1960 | 09-06-1995 | PO Test | Nov 1988 | 01-04-2011 | 01-04-2011 | Retirement of N. Babu | 21-08-2009 |
| 21 | S. Unnikrishnan | BCom | 26-03-1961 | 12-06-1995 | Ex.Test, MOP | Jun 1992 | 01-04-2011 | 01-04-2011 | Retirement of Unnikrishnan Nair V. | 21-08-2009 |
| 22 | Thomas Mathew | SSLC | 02-05-1962 | 04-06-1992 | PO Test | Dec 2002 | 01-04-2011 | 01-04-2011 | Retirement of K. Aravindakshan Pillai | 01-09-2009 |
| 23 | C. Mohanlal | SSLC | 22-05-1960 | 02-06-1992 | Age 50 years | 22/05/2010 | 01-04-2011 | 01-04-2011 | Retirement of Pankajakshan Pillai B. | 23-11-2010 |
| 24 | G. Rajendran Pillai | PDC | 28-11-1957 | 24-06-1995 | PO Test | Apr 1991 | 21-04-2011 | 21-04-2011 | Death of K.G. Uthamakumar | 23-11-2010 |

*Sd/-*
**Excise Commissioner**